12 (*268) പട്ടുനൂൽ കൃഷി വികസനം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടുനൂൽ കൃഷി വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഈ പദ്ധതികൾ പട്ടുനൂൽ കൃഷി വികസനത്തെ എത്രമാത്രം സഹായിച്ചു എന്ന് പറയുമോ;

(സി) പട്ടുനൂൽ കൃഷി വികസനത്തിനും വിപുലീകരണത്തിനുമായി ഈ വർഷം നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടുനൂൽ കൃഷി വികസനത്തിനായി സെറിഫെഡ് വഴി താഴെപ്പറയുന്ന പദ്ധതികൾ ഊർജ്ജിതമായി നടപ്പാക്കി വരുന്നു. മൾബറി വിത്തു കമ്പുകളുടെ സൗജന്യ വിതരണം, എല്ലാ ജില്ലകളിലും കൊക്കൂൺ മാർക്കറ്റിംഗ് സംവിധാനം, റീലിംഗ്, പട്ടുനൂൽ സംസ്ക്കരണം, സിൽക്ക് നെയ്ത്ത് തുടങ്ങിയവയ്ക്കുള്ള സഹായ പദ്ധതികൾ, സാങ്കേതിക ഉപദേശങ്ങൾ ലഭ്യമാക്കൽ, മൾബറി നടീൽ സബ്സിഡി, ജലസേചനത്തിനുള്ള ധനസഹായം, തോട്ടം നടത്തിപ്പിനുള്ള സബ്സിഡി, കർഷകർക്ക് സ്റ്റൈപെന്റോടുകൂടിയ പരിശീലനം, ഉപകരണ സബ്സിഡി, റീലിംഗ് യൂണിറ്റുകൾക്ക് 1 ലക്ഷം രൂപ വരെ സബ്സിഡി, സൊസൈറ്റികൾക്ക് മാനേജീരിയൽ ഗ്രാന്റ് നൽകൽ തുടങ്ങിയവ.

(ബി) കൂടുതൽ കർഷകരെ ഈ രംഗത്തേയ്ക്ക് കൊണ്ടുവരുവാനും കൊക്കൂൺ, സിൽക്ക് എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചു. സെറിഫെഡിന്റെ പദ്ധതികൾ പ്രകാരം, 686 ഏക്കറിൽ മാത്രമായിരുന്ന മൾബറി കൃഷി 5402 ഏക്കറിലായി വികസിപ്പിക്കുവാനും ഇക്കാര്യത്തിൽ 8063 കർഷകരെ ഉൾപ്പെടുത്തുവാനും കഴിഞ്ഞു. കണ്ണൂർ ജില്ലയിൽ ഇൻഡസ്ട്രിയൽ സൊസൈറ്റികൾ വഴി പട്ടു നെയ്ത്ത് ആരംഭിക്കുവാനും സാധിച്ചിട്ടുണ്ട്.

(സി) ഈ വർഷം 1500 ഏക്കറിൽ കൃഷി ആരംഭിക്കാനും 1000 ഏക്കറിൽ നിലവിലുള്ള തോട്ടം നവീകരിക്കുവാനും ഉദ്ദേശിക്കുന്നു. കേന്ദ്ര സിൽക്ക് ബോർഡിന്റെ സഹായത്തോടെ മൾബറികൃഷിക്ക് കണിക ജലസേചന പദ്ധതി നടപ്പാക്കാനും, അത്യുൽപ്പാദന ശേഷിയുള്ള വിത്തുകമ്പുകൾ വ്യാപിപ്പിക്കാനും എലൈറ്റ് ബൈവോൾടൈൻ പുഴുവളർത്തൽ ശക്തിപ്പെടുത്തുന്നതിനും, സിൽക്ക് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉദ്ദുമയിൽ ടിസ്റ്റിംഗ് യൂണിറ്റ് വികസിപ്പിക്കാനും ഇടുക്കിയിൽ സിൽക്ക് സെന്റർ ആരംഭിക്കുവാനും നടപടിയെടുത്തു വരുന്നു. കൂടാതെ ആലപ്പുഴ, ഇടുക്കി, കണ്ണൂർ എന്നിവിടങ്ങളിൽ കൃഷി കേന്ദ്രങ്ങളും സ്ഥാപിക്കാൻ പ്ലാൻ ചെയ്തിട്ടുണ്ട്.

13 (*269) തെരുവു കുട്ടികളുടെ പുനരധിവാസം

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീമതി റോസമ്മ ചാക്കോ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തെരുവുകുട്ടികളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സർക്കാർ നേരിട്ടാണോ ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) എത്രകോടി രൂപ പ്രതിവർഷം ചെലവു പ്രതീക്ഷിക്കുന്ന പദ്ധതിയാണ് ഇതിനായി വിഭാവനം ചെയ്തിട്ടുള്ളത്;

(ഇ) തെരുവിൽ ജീവിക്കുന്ന മുതിർന്നവർക്കുവേണ്ടി ഇതോടൊപ്പം പദ്ധതികൾ ഏതെങ്കിലും ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ ഈ പദ്ധതിക്ക് ആവശ്യമായ പണം ഏതു വിധത്തിൽ കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ജി) അതോടൊപ്പം ഭിക്ഷാടകരായെത്തുന്ന നാടോടികളുടെ പുനരധിവാസം കൂടി ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ),(ബി)&(സി) കേരളത്തിലെ തെരുവുകുട്ടികൾക്കുവേണ്ടി ആലപ്പുഴയിലും കോഴിക്കോട്ടും ബാലസദനങ്ങളും ബാലനീതി നിയമ പ്രകാരമുള്ള ജുവനൈൽ ഹോമുകളും സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങളിൽ കുട്ടികളുടെ പുനരധിവാസം/വിദ്യാഭ്യാസം/വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം എന്നിവ നൽകി വരുന്നു. ഈ പദ്ധതി സർക്കാർ നേരിട്ടാണ് നടപ്പിലാക്കുന്നത്. ഇതു കൂടാതെ സന്നദ്ധ സംഘടനകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെയും പങ്കാളിത്തത്തോടെയും തെരുവുകുട്ടികൾക്ക് സംരക്ഷണത്തിനും പുനരധിവാസത്തിനും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. സർക്കാരിന്റെ സഹായത്തോടെ തിരുവനന്തപുരം, കൊല്ലം, കോട്ടയം എന്നിവിടങ്ങളിൽ യാചക ഭവനങ്ങൾ പ്രവർത്തിപ്പിക്കുന്നുണ്ട്. ഇവിടത്തെ അന്തേവാസികൾക്ക് 100/- രൂപ പ്രതിമാസം സംരക്ഷണ ചെലവായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നു. ഇതു കൂടാതെ കേന്ദ്ര സർക്കാരും തെരുവുകുട്ടികളുടെ പുനരധിവാസത്തിനും തൊഴിൽ പരിശീലനത്തിനും സാമ്പത്തിക സഹായം അനുവദിക്കുന്ന ഒരു പദ്ധതിയും നിലവിലുണ്ട്.

(ഡി) നിലവിലുള്ള പദ്ധതിക്ക് 98-99 സാമ്പത്തിക വർഷത്തിൽ 93,10,000 രൂപയും നടപ്പ് സാമ്പത്തിക വർഷത്തിൽ 1,15,06,000/- (ഒരു കോടി പതിനഞ്ചു ലക്ഷത്തി ആറായിരം) രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) ബാധകമല്ല.

(ജി) ഇല്ല. അന്യസംസ്ഥാനങ്ങളിൽ നിന്നും ഭിക്ഷാടകരായി എത്തുന്ന യാചകരെ പോലീസ് സഹായത്തോടെ അതിർത്തി കടത്തി വിടുകയാണ് ഇപ്പോൾ ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly